**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5890** **08-11-2021 - ൽ മറുപടിയ്ക്ക്**

**വായ്പ എടുത്തവർ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിൽ ലയിപ്പിച്ചിട്ടുള്ള വിവിധ ജില്ലാ ബാങ്കുകളിൽ നിന്നും വായ്പ എടുത്തവർ വായ്പ കുടിശ്ശികയുടെ പേരിൽ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുടിശ്ശിക വായ്പക്കാരുടെ ബുദ്ധിമുട്ടുകൾ കണക്കാക്കി പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിനായി ബാങ്ക് നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നവകേരളീയം പദ്ധതി പ്രകാരം, മരണപ്പെട്ടവർ, അപകടം പറ്റി ശയ്യാവലംബരായവർ, മാരകരോഗം ബാധിച്ചവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്നവരുടെ വായ്പകൾ പ്രത്യേക ഇളവിന് പരിഗണിക്കുന്നുണ്ട്. കൂടാതെ ബാങ്ക് നടപ്പിലാക്കിയിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി പ്രകാരവും അർഹരായ കുടിശ്ശിക വായ്പക്കാർക്ക് കൂടുതൽ ഇളവ് നൽകുന്നുണ്ട്. |
| (ബി) | കോവിഡ് 19 -ന്റെ സാഹചര്യത്തിൽ ജനങ്ങൾക്കുണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് വായ്പാതിരിച്ചടവിന് ഉദാര സമീപനം സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ? | (ബി) | കോവിഡ് 19-ന്റെ സാഹചര്യത്തിൽ ജനങ്ങൾക്കുണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് വായ്പാ തിരിച്ചടവിന് ബാങ്ക് ഇപ്പോൾ ഉദാര സമീപനമാണ് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി റിസർവ് ബാങ്ക് നിർദ്ദേശപ്രകാരം അർഹമായ വായ്പകൾക്ക് മൊറട്ടോറിയം, പുന:ക്രമീകരണം എന്നിവ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ കുടിശ്ശിക വായ്പകൾ തിരിച്ചടക്കുമ്പോൾ ബാങ്ക് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്നുണ്ട്. കൂടാതെ നവകേരളീയം പദ്ധതി പ്രകാരവും, റിക്കവറി മാനേജ്മെന്റ് പോളിസി പ്രകാരവും വായ്പകൾ തീർപ്പാക്കുന്നവർക്ക് പലിശയിലും പിഴപ്പലിശയിലും പരമാവധി ഇളവ് അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ